**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4679

22.03.2018 ലെ മറുപടിയ്ക്ക്

ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്ന പദ്ധതി

**ചോദ്യം**

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

**ഉത്തരം**

ഡോ. റ്റി.എം. തോമസ് ഐസക്
**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | |
|---|---|
| (എ) സംസ്ഥാനത്തെ ട്രഷറികളിൽ സെൻട്രൽ സെർവർ സിസ്റ്റം, എ.ടി.എം. എന്നിവ സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്; | സംസ്ഥാനത്തെ ട്രഷറികളിൽ സെൻട്രൽ സെർവർ സിസ്റ്റം സ്ഥാപിച്ചു കഴിഞ്ഞു. ആയതിന്റെ തുടർ പദ്ധതിയായി വിഭാവനം ചെയ്തിരുന്ന സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ (IFMS) സംസ്ഥാനതല ഉദ്ഘാടനം 2017 ഫെബ്രുവരി 23 - ം തീയതി ബഹു: കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. നാല് ട്രഷറികളെ ബന്ധിപ്പിച്ച് എ.ടി.എം. സ്ഥാപിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. (സ.ഉ.(കൈ)10460/12/ധന തീയതി 14/12/2012). എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന സ്റ്റാന്റ് എലോൺ എ.ടി.എം.-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ ഉപേക്ഷിക്കുകയും പകരം ഇ-ട്രഷറിയുമായി ഇന്റഗ്രേറ്റ് ചെയ്ത ബാങ്കുമായി സഹകരിച്ച് റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കാൻ കഴിയുന്ന തരത്തിലുള്ള എ.ടി.എം. കാർഡ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത പദ്ധതിക്കു വേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | പ്രസ്തുത പദ്ധതിക്കു വേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽ നാളിതുവരെ 72.63% ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**